**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 597** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സഹകരണ മേഖലയിലെ പരിഷ്കാരങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സഹകരണ മേഖലയിലെ അഴിമതി, സ്വജനപക്ഷപാതം എന്നിവ ഇല്ലാതാക്കുന്നതിനും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള പരിഷ്കാരങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സഹകരണ മേഖലയിലെ അഴിമതി, സ്വജനപക്ഷപാതം എന്നിവ ഇല്ലാതാക്കുന്നതിനും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുമായി കേന്ദ്രസർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക നിർദ്ദേശം ലഭിച്ചിട്ടില്ല.

**(ബി)** പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി നബാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള കേന്ദ്രീകൃത സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാനും കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അതുമായി ബന്ധിപ്പിക്കുവാനും കേന്ദ്രസർക്കാർ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര സർക്കാർ നബാർഡ് മുഖേന രാജ്യ വ്യാപകമായി നടപ്പിലാക്കുന്ന ERP സോഫ്റ്റ് വെയർ (Computerisation of PACS) പദ്ധതിയിൽ സംസ്ഥാനം നിലവിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**